**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 845** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് 1997-ൽ എറണാകുളം ജില്ലാ കളക്ടറുടെ എച്ച് 2/45/97-ലെ ഉത്തരവ് പ്രകാരം വാങ്ങിയ 187.793 സെന്റ് സ്ഥലം പോക്ക് വരവ് ചെയ്ത് ലഭിക്കാത്തത് സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ ഭൂരഹിത ഭവനരഹിത പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് 1997-ൽ എറണാകുളം ജില്ലാ കളക്ടറുടെ എച്ച്2/45/97 നമ്പർ ഉത്തരവ് പ്രകാരം വാങ്ങിയ 187.79 സെന്റ് സ്ഥലം പോക്കുവരവ് ചെയ്യുന്നതിന് താലൂക്ക് സർവ്വേയർ സ്ഥലം പരിശോധിച്ചുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നും, ആധാര പ്രകാരമുള്ള ഭൂമിയും റീസർവ്വേ പ്രകാരം കൈവശമുള്ള ഭൂമിയും തമ്മിൽ വിസ്തീർണ്ണത്തിൽ കുറവുള്ളതിനാൽ മേൽ വിസ്തീർണ്ണ കുറവിൽ ഇനം മാറ്റം, സബ്ഡിവിഷൻ, പേര് മാറ്റം എന്നിവ അനുവദിക്കുന്നതിന് ആക്ഷേപമില്ലെന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം തഹസിൽദാർ ആവശ്യപ്പെട്ടിട്ടുള്ളതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് അടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ തീരുമാനം എടുക്കുമെന്നും ഞാറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്നും ആയതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ